**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6414** **08.11.2016-ൽ മറുപടിക്ക്**

**വിപിൻ ജോണിനെയും സുഹൃത്തിനെയും പോലീസ് അകാരണമായി മർദ്ദിച്ച സംഭവം**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ഷാഫി പറമ്പിൽ | ശ്രീ.പിണറായി വിജയൻ<br>( മുഖ്യമന്ത്രി) |
| (എ) 2015 സെപ്തംബർ 5-ാം തീയതി നെയ്യാറ്റിൻകര മുനിസിപ്പൽ സ്റ്റേഡിയത്തിനടുത്ത് വച്ച് യൂത്ത് കോൺഗ്രസ് നേതാവ് ബാലരാമപുരം കരിമ്പ്ലാവിള ശ്യാംഭവനിൽ വിപിൻ ജോസിനെയും സുഹൃത്തിനെയും പോലീസ് അകാരണമായി മർദ്ദിച്ച സംഭവത്തിൽ പോലീസ് കംപ്ലയിന്റ് അതോറിറ്റിക്ക് .O.P.No.495/2015/എന്ന നമ്പരിൽ പരാതി ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) ഉണ്ട്. |
| (ബി) പരാതിയിൽ 23.06.2016-ൽ ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ഓർഡറിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;<br><br>(സി) ഉത്തരവിൽ കുറ്റക്കാരായ പോലീസുകാർക്കെതിരെ എത്ര നാൾക്കകം അച്ചടക്ക നടപടി കൈക്കൊള്ളണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്; വിവരിക്കുമോ; | അച്ചടക്ക നടപടി മൂന്ന് മാസത്തിനുള്ളിൽ തീർപ്പാക്കുന്നതാണെന്ന് തിരുവനന്തപുരം ജില്ലാ പോലീസ് മേധാവി അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ആയത് രേഖപ്പെടുത്തി O.P.No.495/2015-ലെ പരാതി അവസാനിപ്പിച്ച് സംസ്ഥാന പോലീസ് കംപ്ലയിന്റ്സ് അതോറിറ്റി 23.05.2016-ന് ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ഡി) പോലീസ് കംപ്ലയിന്റ് അതോറിറ്റിയുടെ ഉത്തരവ് പ്രകാരം കുറ്റക്കാരായ പോലീസുകാർക്കെതിരെ അച്ചടക്ക നടപടി എടുത്തിട്ടുണ്ടോ, ഇല്ലെങ്കിൽ ഇതിനുള്ള കാരണം വിശദമാക്കുമോ;<br><br>(ഇ) ഉത്തരവ് അനുസരിച്ചുള്ള അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതിന് അടിയന്തര നടപടി കൈക്കൊള്ളുമോ; വിശദമാക്കുമോ? | കുറ്റാരോപിതരായ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ തിരുവനന്തപുരം റൂറൽ നാർക്കോട്ടിക് സെൽ ഡി.വൈ.എസ്.പി. അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ തിരുവനന്തപുരം റേഞ്ച് പോലീസ് ഇൻസ്പെക്ടർ ജനറൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും ആയത് പ്രകാരം അന്വേഷണം നടത്തി വരുകയുമാണ്. |

**സെക്ഷൻ ഓഫീസർ**